നം.എച്ച്.1/11775/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 02.07.2018

## പരിപത്രം

വിഷയം:- പൊതു വിദ്യാഭ്യാസം - സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികളിൽ നിന്നുള്ള സ്റ്റാമ്പ്, ഫ്ളാഗ് വിതരണവും വില ശേഖരണവും സംബന്ധിച്ച്.

സൂചന:-
1)ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 30/03/15 ലെ ഉത്തരവ് നമ്പർ സി.ആർ.എം.പി.1055/എൽ.എ.1/എസ്.2/ 2014/ കെ.ഇ.എസ്.സി.പി.സി.ആർ.
2)ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 19/03/16 ലെ ഉത്തരവ് നമ്പർ സി.ആർ.എം.പി. 2797/01/എൽ.എ.1/2014/ കെ.ഇ.എസ്.സി.പി.സി.ആർ.
3)ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 07/01/17 ലെ ഉത്തരവ് നമ്പർ സി.ആർ.എം.പി.5918/08/എൽ.എ.2/16/ കെ.ഇ.എസ്.സി.പി.സി.ആർ.
4)ഈ കാര്യാലയത്തിൽ നിന്നുള്ള 08/03/2016 ലെ സർക്കുലർ നമ്പർ എച്ച്.1/11775/15/ഡി.പി.ഐ.
5)ഈ കാര്യാലയത്തിൽ നിന്നുള്ള 05/02/16 ലെ സർക്കുലർ നമ്പർ ക്യു.ഐ.പി.1/1253/2016/ ഡി.പി.ഐ.
6) 14/06/18-ലെ സർക്കാർ കത്ത് നമ്പർ ജെ1/36/2018/പൊ.വി.വ.

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം, സെക്ഷൻ 3(2) ൽ 6 മുതൽ 14 വയസ്സു വരെയുള്ള ഏതൊരു കുട്ടിയും പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്ന യാതൊരു വിധ ഫീസോ, ചാർജുകളോ നൽകുന്നതിന് ബാധ്യസ്ഥനായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട, സ്കൂൾ കുട്ടികളിൽ നിന്ന് പണപ്പിരിവ് നടത്തുന്നത് തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളിൽ സൂചന (1) പ്രകാരം കുട്ടികളിൽ നിന്ന് യാതൊരു വിധത്തിലുള്ള നിർബന്ധിത പണപ്പിരിവുകളും നടത്തരുതെന്ന് ഉത്തരവിട്ടിരുന്നു. ആയതിന്റെ വെളിച്ചത്തിൽ യാതൊരു വിധ നിർബന്ധിത പിരിവുകളും പാടില്ലെന്ന് നിർദ്ദേശിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന (4), (5) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. ഇതോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമാനുസൃതം വിതരണം ചെയ്തിരുന്ന ഫ്ളാഗുകളുടെയും, സ്റ്റാമ്പുകളുടെയും വിതരണം തടസ്സപ്പെട്ടു. ആയത് ബഹു. കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിർബന്ധമായി കുട്ടികളിൽ അടിച്ചേൽപ്പിക്കാത്ത തരത്തിൽ പ്രസ്തുത സ്റ്റാമ്പുകളും, ഫ്ളാഗുകളും വിതരണം

(...2...)

ചെയ്യാമെന്ന് സൂചന (2), (3) ഉത്തരവുകളിലൂടെ കമ്മീഷൻ ശിപാർശ ചെയ്തു. കൂടാതെ സൂചന (6)ലെ കത്തിലൂടെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിയമാനുസരണം വിതരണം നടത്തുന്ന സ്റ്റാമ്പ്, ഫ്ളാഗ് എന്നിവ നിർബന്ധമല്ലാത്ത രീതിയിൽ സ്കൂളുകളിൽ വിതരണം നടത്തുന്നതിന് അനുമതി നൽകുവാൻ ഈ കാര്യാലയത്തോട് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നിർദേശിക്കുകയും ചെയ്തു.

ആയതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമാനുസൃതം നൽകുന്ന സ്റ്റാമ്പുകളും, ഫ്ളാഗുകളും സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ഇതിനാൽ അനുമതി നൽകുന്നു. ഇതല്ലാതെ മറ്റൊരു തരത്തിലുമുള്ള സ്റ്റാമ്പുകളും, ഫ്ളാഗുകളും സ്കൂളുകളിൽ വിതരണം ചെയ്യാൻ പാടില്ല. സ്റ്റാമ്പ്/ഫ്ളാഗ് വിതരണം കുട്ടികളിൽ യാതൊരു കാരണവശാലും നിർബന്ധിതമായി അടിച്ചേൽപ്പിക്കരുത്. കൂടാതെ അവ സ്വീകരിക്കാൻ സന്നദ്ധരല്ലാത്ത കുട്ടികളോട് യാതൊരുവിധ വിവേചനമോ ശിക്ഷാനടപടികളോ കൈക്കൊള്ളാനും പാടില്ല.

സംസ്ഥാനത്തെ എല്ലാ പ്രഥമാദ്ധ്യാപകരും ഈ പരിപത്രത്തിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ.വി.മോഹൻകുമാർ ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>**സ്വീകർത്താക്കൾ:-**</u>

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4) എക്സിക്യൂട്ടീവ് ഡയറക്ടർ &വൈസ് ചെയർമാൻ, KITE, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) സ്റ്റോക്ക് ഫയൽ

കെ.എസ്.